കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 18/2023

08.08.2023

## BEFI 11-ാ മത് അഖിലേന്ത്യാ സമ്മേളനം ചെന്നൈയിൽ

സഖാക്കളെ,

ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പതിനൊന്നാമത് ദേശീയ സമ്മേളനം ഈ വരുന്ന ഓഗസ്റ്റ് 12, 13, 14 തീയതികളിലായി ചെന്നൈയിൽ വച്ച് നടക്കുകയാണ്. 2019 ജനുവരി 28 മുതൽ 31 വരെ തിരുവനന്തപുരത്ത് വച്ച് നടന്ന പത്താമത് ദേശീയ സമ്മേളനത്തിൽ നിന്നും പതിനൊന്നാം സമ്മേളനത്തിൽ എത്തുമ്പോൾ ബാങ്കിംഗ് രംഗത്ത് നിർണായകമായ മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞു. ബാങ്കുകളുടെ മെഗാ ലയനങ്ങൾ, പൊതുമേഖലാ ബാങ്ക് ശാഖകളുടെ അടച്ചുപൂട്ടൽ, ജീവനക്കാരുടെ എണ്ണത്തിൽ ഉണ്ടായ ഗണ്യമായ കുറവ്, സ്വകാര്യ ബാങ്ക് ശാഖകളുടെ വർദ്ധനവ് തുടങ്ങി നിരവധി മാറ്റങ്ങളാണ് ഈ കാലയളവിൽ ഇന്ത്യൻ ബാങ്കിംഗ് സെക്ടറിൽ സംഭവിച്ചത്.

HDFC ബാങ്ക്, കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം 1479 ശാഖകളാണ് പുതുതായി തുടങ്ങിയത്. ICICI ബാങ്ക് ആകട്ടെ, 470 ബാങ്ക് ശാഖകളാണ് ഈ കാലയളവിൽ പുതുതായി തുടങ്ങിയത്. ജീവനക്കാരുടെ എണ്ണത്തിലും സ്വകാര്യബാങ്കുകളിൽ വലിയ വർദ്ധനവാണ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളത്. ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ അധികാരത്തിലെത്തുന്നതിന് മുമ്പ് പൊതുമേഖലാ ബാങ്കുകളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണത്തിന്റെ പകുതിയിൽ താഴെ ജീവനക്കാർ മാത്രമാണ് സ്വകാര്യ ബാങ്കുകളിൽ ഉണ്ടായിരുന്നത്. റിസർവ് ബാങ്കിന്റെ ഔദ്യോഗിക കണക്കനുസരിച്ച് ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളിൽ ആകെ ജീവനക്കാരുടെ എണ്ണം 770812 ആണെങ്കിൽ സ്വകാര്യ ബാങ്കുകളിൽ769890 പേർ ജോലി ചെയ്യുന്നു. സ്വകാര്യ മേഖലക്ക് പരവതാനി വിരിച്ചുകൊടുക്കുന്ന നയങ്ങളാണ് കേന്ദ്രസർക്കാർ തുടർന്നുവരുന്നത് എന്ന് സാരം. 22.18 ലക്ഷം ബിസിനസ് കറസ്പോണ്ടന്റുമാർ വിവിധ സംസ്ഥാനങ്ങളിലായി ജോലി ചെയ്യുന്നുവെന്നതാണ് റിസർവ്വ് ബാങ്കിന്റെ കണക്ക്. ബാങ്കിലെ സ്ഥിരം ജീവനക്കാർ ചെയ്യേണ്ടുന്ന ജോലികളാണ് ഇക്കൂട്ടർ ചെയ്യുന്നത്. അതിനർത്ഥം, സ്ഥിരം തൊഴിൽ നൽകാതെ ഇത്തരത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ആളുകളെ നിയമിക്കുന്ന പ്രവണത ഗണ്യമായി കൂടി വരുന്നുവെന്നതാണ്.

ഇന്ത്യൻ ബാങ്കിംഗ് സംവിധാനം വിദേശ മൂലധനത്തിന് തലവച്ചു കൊടുത്തു എന്നതാണ് CSB ബാങ്കിലേയും, DBS ബാങ്കിലെയും അനുഭവം സൂചിപ്പിക്കുന്നത്.

കത്തോലിക് സിറിയൻ ബാങ്കിനെ കാനഡ ആസ്ഥാനമായ ഫെയർഫാക്സ് എന്ന കുത്തക കമ്പനിയാണ് ഏറ്റെടുത്തത്. ലക്ഷ്മി വിലാസ് ബാങ്കിനെ സിംഗപ്പൂർ ആസ്ഥാനമായ ഡെവലപ്മെന്റ് ബാങ്ക് ഓഫ് സിംഗപ്പൂർ ഏറ്റെടുത്തു. മേൽപ്പറഞ്ഞ രണ്ടു ബാങ്കുകളും വിദേശനിക്ഷേപത്തിന് കീഴിൽ വന്നപ്പോൾ സമഗ്രമായ മാറ്റങ്ങളാണ് സംഭവിച്ചത്. ജീവനക്കാർക്കും ഇടപാടുകാർക്കും വലിയ രൂപത്തിലുള്ള നഷ്ടം ഇതുമൂലം ഉണ്ടായി. ഉഭയകക്ഷി കരാർ പ്രകാരമുള്ള വേതനം നടപ്പിലാക്കാതിരുന്നത്, പെൻഷൻ ബയ് ഔട്ട് പോലുള്ള പ്രശ്നങ്ങളിൽ ജീവനക്കാർക്ക് നഷ്ടങ്ങൾ സംഭവിച്ചു. മാസ്സ് ബാങ്കിങ്ങിൽ നിന്നും ക്ലാസ് ബാങ്കിലേക്കുള്ള ചുവടുമാറ്റം ഇടപാടുകാരിലും വലിയ പ്രതിസന്ധി സൃഷ്ടിച്ചു.

ഗ്രാമീണ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാൻ ഉള്ള നിയമപരമായ അനുവാദം 2015 ൽ RRB Amendment Act പ്രകാരം നൽകിയെങ്കിലും, AIRRBEA സംഘടനയുടെ ശക്തമായ എതിർപ്പുമൂലം അത് നടപ്പിലാക്കാൻ ഗവൺമെന്റിന് സാധിച്ചിരുന്നില്ല. ഇപ്പോൾ ഗ്രാമീണ ബാങ്കുകളിൽ IPO ഇഷ്യൂ ചെയ്യാനുള്ള നീക്കം അണിയറയിൽ തകൃതിയായി നടക്കുന്നു.

kartine29.deviantart

ബാങ്ക് ലയനങ്ങൾക്ക് ശേഷം അവശേഷിക്കുന്ന 12 പൊതുമേഖലാ ബാങ്കുകളെയും സ്വകാര്യവൽക്കരിക്കാൻ ഉള്ള നീക്കത്തിലാണ് കേന്ദ്രസർക്കാർ. 2021–22 സാമ്പത്തിക വർഷത്തിലെ ബജറ്റ് അവതരണ വേളയിൽ ഇക്കാര്യം കേന്ദ്ര ധനകാര്യ മന്ത്രി വിശദമാക്കിയിരുന്നു. 2021 ഡിസംബർ 16, 17 തീയതികളിലായി നടന്ന UFBU പണിമുടക്ക്, സ്വകാര്യവൽക്കരണ നീക്കങ്ങളിൽ നിന്നും താൽക്കാലികമായി സർക്കാറിനെ പുറകോട്ട് നയിച്ചിട്ടുണ്ട്. യോജിച്ച പോരാട്ടങ്ങളുടെ പ്രസക്തിയാണ് ഇത് വെളിവാക്കുന്നത്. ഒരുപക്ഷെ, തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള ഗവൺമെന്റിന്റെ ഗിമ്മിക്കുകളിൽ ഒന്നായിരിക്കാം ഇത്. വരാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിൽ അധികാരം വീണ്ടും ലഭിച്ചാൽ, സ്വകാര്യവൽക്കരണ നടപടികളുമായി അതിവേഗം ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് നാം പ്രതീക്ഷിക്കണം.

മേൽ സൂചിപ്പിച്ചത് പോലുള്ള നിരന്തരമായ കടന്നാക്രമണങ്ങൾക്കാണ് രാജ്യത്തെ ബാങ്കിംഗ് മേഖല വിധേയമായിക്കൊണ്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ സമ്മേളനം ചെന്നൈയിൽ വച്ച് നടക്കുന്നത്. ഓഗസ്റ്റ് 12 ന്റെ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുന്നത് സിഐടിയു ദേശീയ ജനറൽ സെക്രട്ടറി സ.തപൻ സെൻ ആണ്. UFBU വിലെ വിവിധ സംഘടനാ പ്രതിനിധികൾ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കും. ഓഗസ്റ്റ് 13ന്റെ വനിതാ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നത് അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രസിഡന്റ് സ. പി കെ ശ്രീമതിയാണ്.

നമ്മുടെ യൂണിറ്റിൽ നിന്ന് 18 സഖാക്കളാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. ഇതിൽ 7 പേർ വനിതാ സഖാക്കളാണ്.

ഇന്ത്യൻ ധനകാര്യ മേഖലയുടെ സംരക്ഷണം, ബാങ്കിംഗ് മേഖലയിലെ പന്ത്രണ്ടാം ഉഭയകക്ഷി ചർച്ചകളുടെ ഭാവി, സ്വകാര്യവൽക്കരണ വിരുദ്ധ പോരാട്ടങ്ങൾ തുടങ്ങിയ വിഷയങ്ങൾക്ക് കരുത്തുപകരുന്ന തരത്തിലുള്ള ചർച്ചകളും നിർദ്ദേശങ്ങളും സമ്മേളനത്തിൽ ഉയർന്നു വരും എന്നുള്ളതിനാൽ വർത്തമാന കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ് ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അഖിലേന്ത്യാ സമ്മേളനം

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

kartine29.deviantart